(സി) ഏതെല്ലാം പഞ്ചായത്തുകളിലെ ശുദ്ധജലവിതരണ പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാം പഞ്ചായത്തുകളിലേതാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾക്കുവേണ്ടി ഈ വർഷത്തിൽ എന്ത് തുക ചെലവഴിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) എന്നത്തേയ്ക്ക് എല്ലാ പഞ്ചായത്തുകളിലേയും ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ) 79,67,267 രൂപ.

(ബി) 58,15,234 രൂപ

(സി) ഇപ്പോൾ പ്രവർത്തനത്തിലുള്ള പദ്ധതികളുടെ (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്).*

(ഡി) ഈ പദ്ധതികൾക്ക് ഈ വർഷത്തെ കേരള ജലമലിനജല അതോറിറ്റിയുടെ ബഡ്ജറ്റിൽ 18 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഇ) പണി നടന്നുവരുന്ന പദ്ധതികളിൽ ഉള്ളപ്പന, മുദാക്കൽ പദ്ധതികൾ ഈ വർഷത്തിൽ പൂർത്തീകരിക്കുന്നതാണ്. പുളിമാത്ത്, കൊടുവാഴന്നൂർ, കൊടുവാഴന്നൂർ ഹരിജൻ, കരവാരം, ആലംകോട്, അഗരൂർ, വെള്ളല്ലൂർ, പള്ളിക്കൽ മുതലായ പദ്ധതികൾ 1987–88 നടപ്പ് വർഷത്തിൽ പൂർത്തീകരിക്കാനാവും. ഇവയിൽ വിളങ്ങര ഹരിജൻ പദ്ധതിയ്ക്ക് വേണ്ടി പഞ്ചായത്തിൽ നിന്നും കിണർ കുഴിക്കുന്നതിനുള്ള സ്ഥലം ലഭിച്ചാൽ 6 മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കും.

ഉപ്പുതറ ശുദ്ധജലവിതരണ പദ്ധതി

434 [470] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് നിയോജക മണ്ഡലത്തിലെ ഉപ്പുതറ പഞ്ചായത്തിലെ എൽ.ഐ.സി. ശുദ്ധജലവിതരണ പദ്ധതിയുടെ പണി ഈ വർഷം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ വർഷം പൂർത്തിയാക്കാൻവേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

പീരുമേട് നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ സ്കീമുകൾ

435 [471] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ ഇപ്പോൾ എത്ര ശുദ്ധജലവിതരണ സ്കീമുകളുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്;

(ബി) അവ ഏതെല്ലാം?

ഉത്തരം

(എ) കമ്മീഷൻ ചെയ്ത 14 പദ്ധതികളും പണികഴിഞ്ഞു കൊണ്ടിരിക്കുന്ന 5 പദ്ധതികളും ഉണ്ട്.

(ബി) കമ്മീഷൻ ചെയ്തവ.

1. വാഗമൺ 2. പുതുപ്പാറ 3. ഏലപ്പാറ 4. പെരുവന്താനം 5. മുള്ളൂർക്കാനം 6. മുക്കുളം 7. മുളംകുന്ന് 8. പീരുമേട് 9. വാടനാട് 10. വണ്ടിപ്പെരിയാർ 11. കുറവിക്കാനം പള്ളിക്കുന്ന് 12. കുമിളി 13. മുണ്ടക്കയം

പണികഴിഞ്ഞുകൊണ്ടിരിക്കുന്നവ.

1. ഉപ്പുക്കര 2. ഹെലിബേറിയ 3. സുൽത്താൻകോട്ട് 4. പ്ലാക്കത്തടം 5. കുമിളി ട്രൈബൽ സെറ്റിൽമെന്റ്.

പീരുമേട് നിയോജകമണ്ഡലത്തിലെ വാട്ടർ സപ്ലൈ സ്കീം

പ്രൊപ്പോസലുകൾ

433 [472] ശ്രീ. കെ.കെ. തോമസ്സ്: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി പീരുമേട് നിയോജകമണ്ഡലത്തിന് വേണ്ടി എത്ര വാട്ടർ സപ്ലൈ സ്കീമുകൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്? ഏതെല്ലാം?

ഉത്തരം

13 എണ്ണം.

1. കണിയങ്കവയൽ
2. മ്ളാപ്പാറ
3. ചെമ്മണ്ണു കരിന്തിരി
4. നൈമുക്കുക്കുരിശുമല
5. കരടിക്കുടി ലക്ഷ്മി പൊതുവൽ
6. കൊക്കയാർ വാട്ടർ സപ്ലൈ റൂറൽ സൂപഞ്ചി
7. ചെകര
8. വണ്ടിപ്പെരിയാർ ആഗുമെൻറേഷൻ
9. പെരുവന്താനം
10. കൊല്ലം പട്ടട (എച്ച്.സി.)
11. ഉറുമ്പിക്കര (ജി.എസ്.)
12. റൂറൽ വെൽ സ്കീം റൂറൽ കുമിളി ഫസ്റ്റ് മൈൽ
13. കൊക്കയാർ ന്യൂ പഞ്ചായത്ത് സ്കീം.

LIBRARY ARCHIVES Kerala Legislative Assembly